പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2760 28-10-2026-ൽ മറുപടിയ്ക്ക്

കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. മുരളീധരൻ

ശ്രീ. ബി. ബി. ഗോപകുമാർ

ശ്രീ. രാജീവ് ചന്ദ്രശേഖർ

മറുപടി നൽകിയ മന്ത്രി

ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് നിലവിൽ വാട്ടർ അതോറിറ്റി വഴി കുടിവെള്ള കണക്ഷൻ ലഭിക്കാത്ത ഗ്രാമീണ/ നഗര വീടുകളുടെ ആകെയുള്ള എണ്ണം ജില്ല അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

മറുപടി: വിശദാംശങ്ങൾ ജില്ല തിരിച്ച് **അനുബന്ധം-1** ആയി ചേർക്കുന്നു.

(ബി) കേന്ദ്രസർക്കാറിന്റെ ജലജീവൻ മിഷൻ പദ്ധതി പ്രകാരം സംസ്ഥാനത്ത് ഇതുവരെ എത്ര വീടുകളിൽ കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ടെന്നും ഇനിയെത്ര വീടുകൾ കൂടി കണക്ഷൻ നൽകാൻ ബാക്കിയുണ്ടെന്നും വ്യക്തമാക്കുമോ;

മറുപടി: ജലജീവൻ മിഷൻ പദ്ധതി പ്രകാരം സംസ്ഥാനത്ത് ഇതുവരെ 21,63,234 വീടുകളിൽ കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ട്. ഇനി 31,65,396 വീടുകളിൽ കണക്ഷൻ നൽകാനുണ്ട്.

KRWSA (ജലനിധി) വഴി ഗ്രാമീണ മേഖലയിൽ ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 23-10-2026 വരെ 31,847 FHTC-കണക്ഷനുകളും 7581 HTC കണക്ഷനുകളും കൂടാതെ ഗുണഭോക്തൃസമിതികൾ നേരിട്ട് 5629കണക്ഷനുകളും നൽകിയിട്ടുണ്ട്. വർക്ക് അവാർഡ് ചെയ്തതിൽ 68848 കുടുംബങ്ങൾക്ക് കണക്ഷനുകൾ നൽകുന്നതിനുള്ള വർക്കുകൾ പുരോഗമിച്ചു വരുന്നു.

(സി) സംസ്ഥാനത്തെ ഏതെല്ലാം താലൂക്കുകളിലാണ്/പ്രദേശങ്ങളിലാണ് നിലവിൽ കടുത്ത കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; വേനൽക്കാല കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

മറുപടി: സംസ്ഥാനത്ത് നിലവിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതായി കണ്ടെത്തിയിട്ടുള്ള പ്രദേശങ്ങളുടെ വിവരങ്ങൾ **അനുബന്ധം -2** ആയി ചേർത്തിട്ടുണ്ട്.

വേനൽക്കാല കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും ലഭ്യമായ ജലം പരമാവധി പ്രയോജനപ്പെടുത്തി ജലവിതരണം ഉറപ്പാക്കുന്നതിനുമായി KWA താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

- വിവിധ പ്രദേശങ്ങളിലെ ജലലഭ്യതയും ആവശ്യകതയും പരിഗണിച്ച് സോണുകളായി തിരിച്ച് സമയക്രമം അനുസരിച്ച് ജലവിതരണം ക്രമീകരിക്കുക, വാൽവുകൾ നിയന്ത്രിക്കുക, പമ്പിങ് സമയം ആവശ്യാനുസരണം വർദ്ധിപ്പിക്കുക എന്നിവയിലൂടെ ലഭ്യമായ ജലം പരമാവധി പ്രയോജനപ്പെടുത്തുന്നു.
- പൈപ്പ് ലൈനുകളിലെ ചോർച്ചകൾ കണ്ടെത്തി സമയബന്ധിതമായി പരിഹരിക്കുക, ആവശ്യമായ സ്ഥലങ്ങളിൽ ഇന്റർ കണക്ഷനുകൾ സ്ഥാപിക്കുക, വാൽവുകളുടെ അറ്റകുറ്റപ്പണിയും മാറ്റി സ്ഥാപിക്കലും നടത്തുക എന്നിവയുള്ള നടപടികൾ സ്വീകരിക്കുന്നു. കൂടാതെ അമൃത്, കോർപ്പറേഷൻ ഡെപ്പോസിറ്റ്, ജൽജീവൻ മിഷൻ തുടങ്ങിയ വിവിധങ്ങളായ പദ്ധതികളിലൂടെ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കൽ, വിതരണശൃംഖല മെച്ചപ്പെടുത്തൽ, ജലവിതരണ സൗകര്യങ്ങൾ വിപുലീകരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.
- പമ്പ് സെറ്റുകൾ മോട്ടോറുകൾ മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തി പ്രവർത്തനക്ഷമത ഉറപ്പാക്കുന്നു. ഉയർന്ന പ്രദേശങ്ങളിൽ ജല ലഭ്യത മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ സ്ഥലങ്ങളിൽ ബൂസ്റ്റർ പമ്പുകൾ സ്ഥാപിക്കുന്നു.
- കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളിൽ ആവശ്യമായ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി പുഴകളിലും മറ്റു ജലസ്രോതസ്സുകളിലും താൽക്കാലിക ബണ്ടുകൾ നിർമ്മിക്കുക, ഇൻ ടേക്ക് കിണറുകളിലും ഗ്യാലറികളിലും അടിഞ്ഞുകൂടിയ മണ്ണും മണലും നീക്കം ചെയ്യുക തുടങ്ങിയ പ്രവർത്തികൾ ക്രമീകരിക്കുന്നു.
- പൈപ്പ് ലൈൻ വഴി ജലം എത്തിക്കാൻ കഴിയാത്തതോ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നതോ ആയ പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരം വാട്ടർ അതോറിറ്റിയുടെ വാട്ടർ വെൻഡിങ് പോയിന്റുകൾ പ്രയോജനപ്പെടുത്തി ടാങ്കർ മുഖേന കുടിവെള്ള വിതരണം ക്രമീകരിക്കുന്നുണ്ട്.
- വേനൽക്കാലത്തും മറ്റ് അടിയന്തര സാഹചര്യങ്ങളിലും കുടിവെള്ള വിതരണം ഉറപ്പാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ സംസ്ഥാന പദ്ധതിയിൽ

പ്രത്യേക ശീർഷകം ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ വർഷവും വേനൽക്കാലത്തിനു മുന്നോടിയായി ഫീൽഡ് ഓഫീസുകളിൽ നിന്ന് ആവശ്യമായ പ്രവർത്തികളുടെ പ്രൊപ്പോസലുകൾ ശേഖരിച്ച് അടിയന്തര ആവശ്യകത മുൻഗണനാക്രമം ലഭ്യമായ ബഡ്ജറ്റ് വീതം എന്നിവ പരിഗണിച്ച് ഭരണാനുമതി നൽകി താൽക്കാലിക ബണ്ടുകളുടെ നിർമ്മാണം, സ്രോതസ്സുകളുടെ ശുചീകരണം, അടിയന്തര ഇന്റർ കണക്ഷനുകൾ, വാൽവ് അറ്റകുറ്റപ്പണികൾ, വൈദ്യുത പ്രവർത്തികൾ, ടാങ്കർ മുഖേനയുള്ള ജലവിതരണം തുടങ്ങിയവ നടപ്പിലാക്കി വരുന്നുണ്ട്.

വേനൽക്കാല കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ, സർക്കാരിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി മഴവെള്ള സംഭരണ-ഭൂജല പരിപോഷണ പ്രവർത്തികൾ, കിണർ വഴിയുള്ള റീചാർജ്ജ് ഉൾപ്പെടെ വിവിധ പദ്ധതികൾ ജലനിധി മുഖേനയും നടപ്പിലാക്കുന്നു.

(ഡി) ജൽ ജീവൻ മിഷൻ പദ്ധതി വഴിയുള്ള പൈപ്പ് ലൈൻ സ്ഥാപിക്കാൻ റോഡ് പുനരുദ്ധാരണം, ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ നിർമ്മാണം എന്നിവയിലെ കാലതാമസം കാരണം കുടിവെള്ള കണക്ഷനുകൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ടി കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ?

<u>മറുപടി:</u> ഉണ്ട്.

മിഷൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ഇതുവരെ സൃഷ്ടിച്ച ആസ്തികൾ വേഗത്തിൽ പ്രയോജനപ്പെടുത്തുന്നതിനുമായി, ശേഷിക്കുന്ന പുരോഗമിക്കുന്നതും ഇതുവരെ ആരംഭിക്കാത്തതുമായ പ്രവൃത്തികൾ താഴെപ്പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിൽ ക്രമീകരിച്ച് മുന്നോട്ട് പോകുവാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്.

- നിലവിൽ പൂർത്തിയാക്കിയ പ്രവർത്തികളിൽ നിന്ന് പരമാവധി കണക്ഷൻ കൊടുക്കുക.
- പ്രധാന ഉൽപ്പാദന ഘടകങ്ങൾ പൂർത്തിയാക്കി എല്ലാ HTC-കളും പ്രവർത്തനക്ഷമമാക്കുക.
- പരമാവധി FHTC നൽകാനും പരമാവധി വരുമാനം സൃഷ്ടിക്കാനും കഴിയുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകുക.
- ഫീൽഡിലെ അവസ്ഥയും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് മുൻഗണനാ നിലകൾ പരിഷ്കരിച്ച് പ്രവർത്തികൾ പൂർത്തീകരിച്ച് പദ്ധതി

ലക്ഷ്യത്തിലെത്തിക്കുക.

ഉയർന്ന നിരക്ക് കാരണം ചില പാക്കേജുകൾക്ക് അംഗീകാരം ലഭിക്കാത്തതിനാൽ ലക്ഷ്യമിട്ട കണക്ഷനുകൾ നൽകുന്നതിൽ തടസ്സം നേരിടുന്നു. ഇവയ്ക്ക് NJJM/GoI അംഗീകാരം ലഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം 1

കുടിവെള്ള കണക്ഷൻ ലഭിക്കാത്ത ഗ്രാമീണ/നഗര വീടുകളുടെ എണ്ണം

ക്രമ നമ്പർ	ജില്ല	നഗര വീടുകൾ	ഗ്രാമീണ
1	തിരുവനന്തപുരം	61446	228100
2	കൊല്ലം	85724	155555
3	പത്തനംതിട്ട	25452	183909
4	ആലപ്പുഴ	52393	183509
5	കോട്ടയം	76568	249744
6	ഇടുക്കി	16795	182894
7	എറണാകുളം	80657	199237
8	പാലക്കാട്	27363	269723
9	തൃശൂർ	171980	305211
10	കോഴിക്കോട്	119201	310346
11	മലപ്പുറം	89943	435669
12	വയനാട്	27772	118702
13	കണ്ണൂർ	180980	180049
14	കാസർഗോഡ്	43129	162748
	ആകെ	**1059403**	**3165396**

#ApprovedByDesignation#

അനുബന്ധം –2

സംസ്ഥാനത്ത് കൂടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ

തിരുവനന്തപുരം ജില്ല

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, കാട്ടാക്കട, തിരുവനന്തപുരം താലൂക്കുകളിൽ ഉൾപ്പെട്ട കുന്നത്തുകാൽ, പാറശ്ശാല, പെരുങ്കടവിള, കല്ലിയൂർ, വെങ്ങാന്നൂർ, ബാലരാമപുരം, പള്ളിച്ചൽ തുടങ്ങിയ പഞ്ചായത്തുകളിലെ ചില പ്രദേശങ്ങളിൽ വേനൽക്കാലത്ത് കൂടിവെള്ളക്ഷാമം നേരിടുന്നുണ്ട്.

തിരുവനന്തപുരം നഗരത്തിലെ തിരുമല എസ്റ്റേറ്റ്, പാപ്പനംകോട്, കാലടി, അമ്പലത്തറ, ആറ്റുകാൽ, വെള്ളാർ, തിരുവല്ലം, പാച്ചല്ലൂർ, പൂജപ്പുര, തൃക്കണ്ണാപുരം, പുന്നക്കാമുകൾ, വലിയവിള, വട്ടിയൂർക്കാവ്, കാഞ്ഞിരംപാറ, പാങ്ങോട്, മുടവൻമുകൾ, നെടുങ്കാട്, പനത്തുറ തുടങ്ങിയ പ്രദേശങ്ങളിലെ ഉയർന്ന ഭാഗങ്ങളിലും പൈപ്പ് ലൈനുകളുടെ അവസാന ഭാഗങ്ങളിലും കുറഞ്ഞ ജലമർദ്ദം അനുഭവപ്പെടുന്നുണ്ട്.

കഴക്കൂട്ടം മേഖലയിലെ കഴക്കൂട്ടം, ചന്തവിള, കാട്ടായിക്കോണം, ശ്രീകാര്യം, ചെറുവയ്ക്കൽ, ചെല്ലമംഗലം, ചെമ്പഴന്തി, പൗഡിക്കോണം, ഞാണ്ടൂർക്കോണം, സൈനിക് സ്കൂൾ, ചേങ്കോട്ടുകോണം, കാര്യവട്ടം, പാങ്ങപ്പാറ, പള്ളിത്തുറ, ആറ്റിപ്ര, പരണ്ടുകടവ്, ആക്കുളം, കുളത്തൂർ, അലത്തറ, കുഴിവിള തുടങ്ങിയ പ്രദേശങ്ങളിലും കുടിവെള്ളക്ഷാമം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കൊല്ലം ജില്ല

കൊല്ലം ജില്ലയിലെ കൊല്ലം താലൂക്കിൽ, കൊറ്റങ്കര, പെരിനാട്, പനയം, തൃക്കരുവ, പള്ളിത്തോട്ടം, അഞ്ചാലുംമൂട്, മതിലിൽ, തിരുമുല്ലവാരം മരുത്തടി കല്ലുവാതുക്കൽ, പൂതക്കുളം, പരവൂർ മുനിസിപ്പാലിറ്റിയിലെ നെടുങ്ങോലം എന്നീ പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്.

കരുനാഗപ്പള്ളി താലൂക്കിൽ ക്ലാപ്പന, ആലപ്പാട്, കുലശേഖരപുരം, കരുനാഗപ്പള്ളി മുൻസിപ്പാലിറ്റികളിൽ ഉൾപ്പെട്ട തീരദേശ പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്.

കുന്നത്തൂർ താലൂക്കിന്റെ പരിധിയിൽ ശൂരനാട് നോർത്ത്, ശാസ്താംകോട്ട, വെസ്റ്റ് കല്ലട പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്.

കൊട്ടാരക്കര, പത്തനാപുരം, പുനലൂർ, എന്നീ താലൂക്കുകളിലെ ചില ഉയർന്ന പ്രദേശങ്ങളിൽ വേനൽക്കാലത്തു രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

പത്തനംതിട്ട ജില്ല

പത്തനംതിട്ട ജില്ലയിലെ പള്ളിക്കൽ, അടിച്ചിപ്പുഴ നാറാണംമൂഴി എന്നീ പ്രദേശങ്ങളിൽ കടുത്ത കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്.

ആലപ്പുഴ ജില്ല

ചെങ്ങന്നൂർ, കുട്ടനാട് താലൂക്കുകളിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. താമരക്കുളം പഞ്ചായത്തിലെ ചത്തിയറ പാലം, കണ്ണനാംകുഴി മൂന്നാം വാർഡ്; പാലമേൽ പഞ്ചായത്തിലെ മൈലാടുംവിള, കാഞ്ഞുക്കോട്, പുളിക്കുന്ന്, പയ്യനല്ലൂർ,

മുക്കുവിള, മട്ടപ്പള്ളി; തഴക്കര പഞ്ചായത്തിലെ വെട്ടിയാർ, അരന്യറ്റിമംഗലം, വേണാട്, ഇരവങ്കര; ന്യറനാട് പഞ്ചായത്തിലെ ആറ്റവ, ചെറുമുഖ, അമ്പിയിൽ കോളനി; ഭരണിക്കാവ് പഞ്ചായത്തിലെ കൊയിക്കൽ ജംഗ്ഷന്റെ തെക്കുഭാഗവും 8, 9, 11 വാർഡുകളും; മാന്നാർ പഞ്ചായത്തിലെ ഒന്നാം വാർഡിലെ വളയിൽ പ്രദേശം എന്നിവിടങ്ങളിൽ കടിവെള്ളക്ഷാമം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ, കായംകുളം മുനിസിപ്പാലിറ്റിയിലെ 29–ാം വാർഡ്, 44–ാം വാർഡിലെ മച്ചാംകുളം; പത്തിയൂർ പഞ്ചായത്തിലെ 4, 6, 9 വാർഡുകൾ; കൃഷ്ണപുരം പഞ്ചായത്തിലെ 2, 3, 4, 16, 17 വാർഡുകൾ; കണ്ടല്ലൂർ പഞ്ചായത്തിലെ 12–ാം വാർഡ്; ആറാട്ടുപുഴ പഞ്ചായത്തിലെ ഒന്നാം വാർഡ്; ദേവികുളങ്ങര പഞ്ചായത്തിലെ ഒന്നാം വാർഡ്, 2, 3 വാർഡുകൾ, ആറാം വാർഡിലെ പ്രായർ; മുതുകുളം പഞ്ചായത്തിലെ പത്താം വാർഡ്; തൃക്കുന്നപ്പുഴ പഞ്ചായത്തിലെ ആറാം വാർഡ്; കുമാരപുരം പഞ്ചായത്തിലെ 7 ,8–ാം വാർഡ്; പള്ളിപ്പാട് പഞ്ചായത്തിലെ 1, 10, 11 വാർഡുകൾ; ചേപ്പാട് പഞ്ചായത്തിലെ 2, 10 വാർഡുകൾ; ചെറുതന പഞ്ചായത്തിലെ 3, 6 വാർഡുകൾ; വേനൽക്കാലത്ത് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ചിങ്ങോലി പഞ്ചായത്ത്; കരുവാറ്റ പഞ്ചായത്തിലെ 6, 11 വാർഡുകൾ; ഹരിപ്പാട് മുനിസിപ്പാലിറ്റിയിലെ 8, 24 വാർഡുകൾ

കോട്ടയം ജില്ല

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി, വട്ടകുളങ്ങര ഭാഗം, കുമ്മണ്ണൂർ, കാറോട്ടകവല, കീച്ചേരി കുന്ന്, മണലുങ്കൽ കോളനി, പുൽപ്പാറ, പൂവക്കുളം, കാഞ്ഞിരമല, പെരുന്താനം, വെള്ളാപ്പള്ളികുന്ന്, മുണ്ടാർ ഏഴുമാന്തുരുത്ത്, കൊടികുത്തി, ഞാറുകുന്ന്, കാട്ടാമ്പാക്ക്, വാക്കാട്, അറുന്യറ്റിമംഗലം എന്നീ പ്രദേശങ്ങളിൽ കടുത്ത കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ട്.

ഇടുക്കി ജില്ല

ഇടുക്കി ജില്ലയിൽ പീരുമേട്, ഉടുമ്പൻചോല താലൂക്കുകളിലെ വിവിധ പ്രദേശങ്ങളിൽ വേനൽക്കാലത്ത് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ട്.

എറണാകുളം ജില്ല

തിപ്പുണിത്തുറ മുനിസിപ്പാലിറ്റിയുടെ വടക്കൻ, തെക്കൻ ഭാഗങ്ങളിലെ വിവിധ പ്രദേശങ്ങൾ, മരട് മുനിസിപ്പാലിറ്റിയിലെ 1, 3, 5, 19, 20, 21, 29, 30 എന്നീ വാർഡുകളിലെ വിവിധ പ്രദേശങ്ങൾ, കുമ്പളം ഗ്രാമപഞ്ചായത്തിലെ 1, 2, 8, 9, 19 എന്നീ വാർഡുകളിലെ വിവിധ പ്രദേശങ്ങൾ, ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലെ 4, 8, 16, 20, 21, 22, 23 എന്നീ വാർഡുകളിലെ വിവിധ പ്രദേശങ്ങൾ, ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിലെ 4 മുതൽ 6 വരെയുള്ള വാർഡുകളിലെ വിവിധ പ്രദേശങ്ങൾ, തിരുവാങ്കുളം സോണിലെ ഇരുമ്പനം പ്രദേശം, ആലങ്ങാട് ഗ്രാമപഞ്ചായത്തിലെ നീറിക്കോട്, എസ്.എൻ.ഡി.പി. ചിറയം, മുയലൻകുന്ന്, കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ ഇടയാർ, കുന്നുംപുറം, എടവനക്കാട് ഗ്രാമപഞ്ചായത്തിലെ ബീച്ച് പ്രദേശം, മുനമ്പം, നായരമ്പലം ഗ്രാമപഞ്ചായത്തിലെ കുടുങ്ങാശ്ശേരി, നെടുങ്ങാട്, തേങ്ങാത്തറ, ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിലെ മഞ്ഞനക്കാട്, സീഷോർ കോളനി, പെരുമ്പിള്ളി, കർത്തേടം, കോട്ടുവള്ളി ഗ്രാമപഞ്ചായത്തിലെ വിവിധ വാലറ്റപ്രദേശങ്ങൾ, കളമശ്ശേരി മുനിസിപ്പാലിറ്റി, തൃക്കാക്കര മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ വിവിധ വാലറ്റപ്രദേശങ്ങൾ, ഏലൂർ മുനിസിപ്പാലിറ്റിയിലെ വിവിധ പ്രദേശങ്ങൾ, ഐക്കരനാട്, പുത്തൃക്ക, വടവുകോട്-പുത്തൻകുരിശ്, തിരുവാണിയൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലെ വാലറ്റപ്രദേശങ്ങളും ഉയർന്ന പ്രദേശങ്ങളും, ആലുവ മുനിസിപ്പാലിറ്റി, കീഴ്മാട് ഗ്രാമപഞ്ചായത്ത്, എടത്തല ഗ്രാമപഞ്ചായത്ത്, ചൂർണിക്കര ഗ്രാമപഞ്ചായത്ത്, അങ്കമാലി മുനിസിപ്പാലിറ്റി, പായിപ്ര ഗ്രാമപഞ്ചായത്തിലെ ചില പ്രദേശങ്ങൾ, വാളകം ഗ്രാമപഞ്ചായത്തിലെ ചില

പ്രദേശങ്ങൾ, കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിലെ പ്രദേശങ്ങൾ, ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിലെ പ്രദേശങ്ങൾ, മുളന്തുരുത്തി ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങൾ, മണീട് ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങൾ, ഇടക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങൾ, തിരുമാറാടി ഗ്രാമപഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങൾ, ഇലഞ്ഞി ഗ്രാമപഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങൾ, പാമ്പാക്കുട ഗ്രാമപഞ്ചായത്തിലെ ചില പ്രദേശങ്ങൾ, പെങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ ചില പ്രദേശങ്ങൾ, പാലക്കുഴ ഗ്രാമപഞ്ചായത്തിലെ പൊടിപാറ, കോഴിപ്പിള്ളി, കൂത്താട്ടുകുളം മുനിസിപ്പാലിറ്റിയിലെ മുട്ടാനോയിൽ പ്രദേശം, പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങൾ, പോത്താനിക്കാട് ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങൾ, പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങൾ, കീരംപാറ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങൾ, കോട്ടപ്പടി ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങൾ എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്.

തൃശ്ശൂർ ജില്ല

പട്ടാമ്പി താലൂക്കിലെ തൃത്താല-തച്ചാറാകുന്ന്, മുടവന്നൂർ, ഞാങ്ങാട്ടിരി; തിരുമിറ്റക്കോട്-ചാഴിയാട്ടിരി, ഏഴുമങ്ങാട്, പൊട്ടിക്കത്തോട്; ചാലിശ്ശേരി - പട്ടിശ്ശേരി, പാടാട്ടുകുന്ന്, നാഗലശ്ശേരി - കോതച്ചിറ, വാവന്നൂർ, അഷ്ടംഗം; ചൂണ്ടൽ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങൾ; കടവല്ലൂർ പഞ്ചായത്ത്: പുല്ലാനി, പാതാക്കര; പോർക്കുളം പഞ്ചായത്ത്: മാങ്ങാട്, പൊന്നം; നടത്തറ പഞ്ചായത്ത്: കൊഴുക്കുള്ളി, കുറ്റിച്ചിറ; മുളംകുന്നത്തുകാവ് പഞ്ചായത്ത്: കോഴിക്കുന്ന് അമ്പലം, വട്ടായി വെളപ്പായ, വെള്ളക്കുണ്ട് റോഡ്, അത്തെക്കാട്, പൂളാക്കൽ, ഉദയനഗർ; പാണഞ്ചേരി പഞ്ചായത്ത്: താമരവെള്ളച്ചാൽ; പുത്തൂർ പഞ്ചായത്ത്: പൊന്നുക്കര; വള്ളത്തോൾ നഗർ പഞ്ചായത്ത്: ആശാരിക്കുന്ന്, പുറക്കോട്, കുറിഞ്ഞിമല, കരുവാരക്കുണ്ട്; തെക്കുംകര പഞ്ചായത്ത്: കൊളത്താശ്ശേരി, മലാക്ക; ദേശമംഗലം പഞ്ചായത്ത്: ഐ.ടി.ഐ., കള്ളിക്കുന്ന്, മയിലാടുംപാറ; മുള്ളൂർക്കര പഞ്ചായത്ത്: എടപ്പാറ കോളനി, ആറ്റൂർ മനപ്പടി; പാഞ്ഞാൾ പഞ്ചായത്ത്: ചോലമക്കാവ്, ദളപതി റോഡ്; ചേലക്കര പഞ്ചായത്ത്: മലക്കുളം റോഡ്; കൊണ്ടാഴി പഞ്ചായത്ത്: പാറപ്പുറം, അത്താണിമൂല, കുന്നുംപുറം, ഭ്രദാൻ ഉന്നതി; തിരുവില്വാമല പഞ്ചായത്ത്: ചെക്ക് ഡാം റോഡ്, ഒരാളാശ്ശേരി റോഡ്, പാമ്പാടി സെന്റർ മുതൽ തപോവനം വരെയുള്ള ഭാഗങ്ങൾ,എസ്.എൻ. പുരം,മതിലകം,പെരിഞ്ഞനം,കൈപ്പമംഗലം,എടതിരുത്തി,വലപ്പാട്,നാട്ടിക,തളിക്കുളം,വാടാനപ്പിള്ളി,എങ്ങണ്ടിയൂർ

പാലക്കാട് ജില്ല

ചിറ്റൂർ ബ്ലോക്കിലും മലമ്പുഴ ബ്ലോക്കിലും കുടിവെള്ള ക്ഷാമം അനുഭവപ്പെടാറുണ്ട്.

മലപ്പുറം ജില്ല

പൊന്നാനി തിരൂർ താലൂക്കുകളുടെ തീര പ്രദേശങ്ങളിലും, മറ്റു ഉയർന്ന പ്രദേശങ്ങളിലും വേനൽക്കാലങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാകാറുണ്ട്.

കോഴിക്കോട് ജില്ല

വടകര, കൊയിലാണ്ടി താലൂക്കുകളിലെ പ്രദേശങ്ങൾ

വയനാട് ജില്ല

സുൽത്താൻ ബത്തേരി താലൂക്കിലെ പുൽപ്പള്ളി, മാനന്തവാടി താലൂക്കിലെ തിരുനെല്ലി പ്രദേശം, മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലെല്ലാം കടുത്ത കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്

കണ്ണൂർ ജില്ല

അഞ്ചരക്കണ്ടി പഞ്ചായത്ത് – പലേരിമെട്ട, ബങ്കളമെട്ട പെരളശ്ശേരി പഞ്ചായത്ത് – ക്രിസ്ത്യൻ കോളനി, പാറക്കകുണ്ട് പിണറായി പഞ്ചായത്ത് – പൊട്ടൻപാറ, പാറപ്രം, സേട്ടുപീടിക, കാരാളിക്കോട് വേങ്ങാട് പഞ്ചായത്ത് – മൂസക്കോളനി, വണ്ണാന്റെമെട്ട, വെള്ളക്കാഞ്ഞിര ചെമ്പിലോട് പഞ്ചായത്ത് – കാരാട്ടുകുന്ന്, തട്ടുപറമ്പ, ആറ്റടപ്പ കൈപറമ്പ് കടമ്പൂർ പഞ്ചായത്ത് – കോട്ടൂർ, കടമ്പൂർ ക്രിസ്ത്യൻ കോളനി, തന്നട കോളനി മുഴപ്പിലങ്ങാട് പഞ്ചായത്ത്– കച്ചേരിമെട്ട, തെക്കേക്കുന്നുംപുറം, വിവേകാനന്ദ നഗർ കതിരൂർ പഞ്ചായത്ത്– പിരാൻകുന്ന്, പുലരി വായനശാല എരഞ്ഞോളി പഞ്ചായത്ത് – കാളി, പുതിയ റോഡ് കണ്ണൂർ കോർപ്പറേഷൻ ചേലോറ സോൺ – തട്ടുപറമ്പ അങ്കണവാടി, കടാങ്കോട്, തക്കാളിപ്പീടിക, ഒറയിൽ അങ്കണവാടി കോടിയേരി – തലശ്ശേരി മുൻസിപ്പാലിറ്റി പാറാൽ – തലശ്ശേരി മുൻസിപ്പാലിറ്റി എന്നീ പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം നേരിടാറുണ്ട്.

കാസറഗോഡ് ജില്ല

പുത്തിഗെ ,വോർക്കാടി , ബേഡഡുക്ക ,ബദിയടുക്ക, എൻമകജെ വെസ്റ്റ് എളേരി എന്നീ പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം നേരിടാറുണ്ട്.